തുടങ്ങിയ പ്രദേശങ്ങളിൽ ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ കച്ചവട സ്ഥാപനങ്ങളിലെ വിലനിലവാരവും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും പരിശോധിക്കുകയും റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലാ കളക്ടർ, ഇടുക്കി എസ്.പി, കട്ടപ്പന ഡി.വൈ. എസ്.പി., ദേവികുളം സബ്കളക്ടർ, ഇടുക്കി ആർ.ഡി.ഒ., പീരുമേട് തഹസീൽദാർ, പെരിയാർ വെസ്റ്റ് ഡിവിഷൻ ഫോറസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ, അഴുത, പമ്പ റേഞ്ചോഫീസർമാർ എന്നിവരാണ് മേൽനോട്ടം വഹിച്ചിരുന്നത്.

(സി) ഇടുക്കി ജില്ലയിൽ ഇടുക്കി ആർ.ഡി.ഒ.-യുടെ അദ്ധ്യക്ഷതയിൽ 12-11-2010-ന് തേക്കടിയിൽവച്ച് ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡ്, പോലീസ്, ഫോറസ്റ്റ്, ആരോഗ്യം, വാട്ടർ അതോറിറ്റി, പഞ്ചായത്ത്, കെ.എസ്.ഇ.ബി., വ്യാപാരി വ്യവസായി ഏകോപന സമിതിയിൽ വാട്ടർ സപ്ലൈസ്, അയ്യപ്പസേവാസംഘം, പി.ഡബ്ല്യൂ.ഡി, കെ.എസ്.ആർ.ടി.സി, ലീഗൽ മെട്രോളജി, എക്സൈസ്, തുടങ്ങിയവയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ, സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെയും ദേവസ്വം വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഉന്നതതല അവലോകന യോഗങ്ങൾ കൂടിയിട്ടുള്ളതാണ്.

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്രാനുമതി

228 (1698) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിലേക്ക് എത്ര വനഭൂമി വിട്ടുതരാനാണ് കേന്ദ്രാനുമതി ലഭിച്ചത് ;

(ബി) എന്നാണ് കേന്ദ്രാനുമതി ലഭിച്ചത് ;

(സി) നാളിതുവരെ ശബരിമല മാസ്റ്റർപ്ലാൻ ആരംഭിക്കാത്തതുകൊണ്ട് കേന്ദ്രാനുമതി പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിരുന്നോ ;

(ഡി) എങ്കിൽ എന്നാണ് അറിയിച്ചത് ;

(ഇ) ശബരിമല മാസ്റ്റർപ്ലാൻ ആരംഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(എഫ്) ഈ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലയ്ക്കലിൽ 110.524 ഹെക്ടറും പെരിയാർ കടുവാ സങ്കേതത്തിൽപ്പെട്ട പമ്പ-ശബരിമല ഭാഗത്ത് 12.675 ഹെക്ടറും വനഭൂമിയാണ് മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി ലഭിച്ചത്.

(ബി) 2005-ലാണ് കേന്ദ്രാനുമതി ലഭിച്ചത്.

(സി&ഡി) പുൽമേട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ശ്രീ. ജയറാം രമേശ് ബഹു. മുഖ്യമന്ത്രിക്കയച്ച 1-2-2011-ലെ അർദ്ധ ഔദ്യോഗിക കത്തിൽ മാസ്റ്റർ പ്ലാൻ നടപ്പാക്കാതിരിക്കുന്നത് വനഭൂമി പരിവർത്തനത്തിനുള്ള കേന്ദ്രാനുമതി പിൻവലിക്കുന്നതിനിട വരുത്തിയേക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്.

(ഇ&എഫ്) ശബരിമല മാസ്റ്റർ പ്ലാൻ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്. മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള 50 വർഷക്കാലയളവുവരെയുള്ള പദ്ധതികൾക്ക് ഉദ്ദേശം 500 കോടി രൂപയോളം ആവശ്യമാണ്. സ്പോൺസർഷിപ്പുവഴിയോ സംഭാവനകൾ ലഭ്യമാക്കിയോ പദ്ധതികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മാസ്റ്റർ പ്ലാൻ നടത്തിപ്പിനുവേണ്ടി രൂപീകരിച്ച ഉന്നതാധികാരസമിതി വിഭവസമാഹരണത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് എന്ന പേരിൽ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. സ്പോൺസർമാരെ കണ്ടെത്തുന്നതിനും വിഭവസമാഹരണത്തിനുമായി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്ത് പ്രയത്നിച്ചുവരുന്നു.

ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ

229 (1699) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ അടിയന്തരമായി നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ആദ്യഘട്ടമായി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കണമെന്നാണ് ഇതിനായുള്ള ഉന്നതതലസമിതി തീരുമാനിച്ചിട്ടുള്ളത് ;

(സി) തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി ഒന്നാംഘട്ടത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly